REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 04-08-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ഫിലിപ്പെയ്ൻസ് പ്രസിഡണ്ട് ഫെർഡിനന്റ് ആർ മാർക്കോസ് അഞ്ച് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഉച്ചകഴിഞ്ഞ് ന്യൂഡൽഹിയിലെത്തും.**
- **പ്രഥമ ബിംസ്റ്റെക് പരമ്പരാഗത സംഗീതോത്സവത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.**
- **റിസർവ് ബാങ്കിന്റെ മൂന്നു ദിവസത്തെ പണനയ അവലോകന യോഗം ഇന്ന് ആരംഭിക്കും.**
- **സമഗ്ര സിനിമാ നയം മൂന്ന് മാസത്തിനുള്ളിൽ കൊണ്ടുവരുമെന്ന് മന്ത്രി സജി ചെറിയാൻ.**
- **സംസ്ഥാനത്തെ ആറു ജില്ലകളിൽ ഇന്ന് അതിശക്ത മഴയ്ക്കും എട്ടു ജില്ലകളിൽ ശക്തമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ഓവലിൽ ഇന്ത്യ-ഇംഗ്ലണ്ട് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇംഗ്ലണ്ട് ആറ് വിക്കറ്റ് നഷ്ടത്തിൽ 339 റൺസ് എന്ന നിലയിൽ.**

## വാർത്തകൾ വിശദമായി

ഫിലിപ്പെയ്ൻസ് പ്രസിഡണ്ട് ഫെർഡിനന്റ് ആർ മാർക്കോസ് അഞ്ച് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഉച്ചകഴിഞ്ഞ് ന്യൂഡൽഹിയിലെത്തും. പ്രഥമ വനിത ലൂയിസ് അരാനറ്റ മാർക്കോസ്, ക്യാബിനറ്റ് മന്ത്രിമാർ, വിശിഷ്ട വ്യക്തികൾ, മുതിർന്ന ഉദ്യോഗസ്ഥർ, ബിസിനസ് പ്രതിനിധികൾ എന്നിവരുൾപ്പെടെ ഉന്നതതല സംഘവും പ്രസിഡണ്ടിനൊപ്പമുണ്ടാകും.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).....

പ്രസിഡണ്ട് സ്ഥാനം ഏറ്റെടുത്തതിനു ശേഷം ഫെർഡിനന്റ് ആർ മാർക്കോസിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. സന്ദർശന വേളയിൽ രാഷ്ട്രപതി ദ്രൗപതി മുർമുവുമായും, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും അദ്ദേഹം ഉഭയകക്ഷിചർച്ചകൾ നടത്തും.

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കറുമായും ഫിലിപ്പെയ്ൻസ് പ്രസിണ്ട് കൂടിക്കാഴ്ച നടത്തും. ഈ മാസം എട്ടിന് ഫിലിപ്പെയ്ൻസിലേക്ക് മടങ്ങുന്നതിനു മുമ്പ് അദ്ദേഹം ബംഗളൂരുവും സന്ദർശിയ്ക്കും. 1949 നവംബറിൽ ഇരുരാജ്യങ്ങളും തമ്മിലെ നയതന്ത്ര ബന്ധം സ്ഥാപിതമായതിനു ശേഷം വ്യാപാരം, നിക്ഷേപം, പ്രതിരോധം, സമുദ്ര സഹകരണം, കൃഷി, ആരോഗ്യസംരക്ഷണം, ഫാർമസ്യൂട്ടിക്കൽസ്, ഡിജിറ്റൽ സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ പങ്കാളിത്തം വികസിച്ചിട്ടുണ്ട്.

ഇന്ത്യ - ഫിലിപ്പെയ്ൻസ് നയതന്ത്ര ബന്ധത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചാണ് പ്രസിഡണ്ടിന്റെ സന്ദർശനം. ഭാവിയിലെ ഉഭയകക്ഷി സഹകരണത്തിന് വഴിയൊരുക്കുന്നതിനും പരസ്പര താൽപര്യ, പ്രാദേശിക- അന്തർദേശീയ വിഷയങ്ങളിൽ ഇടപഴകുന്നതിനും സന്ദർശനം വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

പ്രഥമ ബിംസ്റ്റെക് പരമ്പരാഗത സംഗീതോത്സവത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് സംഘടിപ്പിക്കുന്ന പരിപാടി വൈകീട്ട് ഭാരത് മണ്ഡപത്തിൽ കേന്ദ്ര മന്ത്രി ഡോ. S. ജയശങ്കർ ഉദ്ഘാടനം ചെയ്യും. ഇന്ത്യ, ബംഗ്ലാദേശ്, ഭൂട്ടാൻ, മ്യാൻമർ, നേപ്പാൾ, ശ്രീലങ്ക, തായ്‌ലൻഡ് എന്നീ ബിംസ്റ്റെക് രാജ്യങ്ങളിലെ കലാകാരന്മാർ സംഗീത സായാഹ്നത്തിൽ പരിപാടികൾ അവതരിപ്പിക്കും.

'സപ്തസ്വർ: സെവൻ നേഷൻസ്, വൺ മെലഡി' എന്ന എന്ന പേരിലറിയപ്പെടുന്ന സംഗീതോത്സവം വ്യത്യസ്തമായ സംഗീത പാരമ്പര്യങ്ങളുടെ ആഘോഷത്തിന് സാക്ഷ്യം വഹിക്കും. പ്രാദേശിക സാംസ്കാരിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യയുടെ പ്രതിബദ്ധത ഏപ്രിലിൽ തായ്‌ലൻഡിൽ ചേർന്ന ബിംസ്റ്റെക് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉറപ്പ് നൽകിയിരുന്നു.

✪✪✪

റിസർവ് ബാങ്കിന്റെ മൂന്നു ദിവസത്തെ പണനയ അവലോകന യോഗം ഇന്ന് ആരംഭിക്കും. RBI ഗവർണർ സഞ്ജയ് മൽഹോത്രയുടെ അധ്യക്ഷതയിലാണ് യോഗം. റിപ്പോനിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് തീരുമാനം ബുധനാഴ്ച പ്രഖ്യാപിക്കും.

✪✪✪

രാജ്യത്തെ സ്മാർട്ട് ഫോൺ കയറ്റുമതി റെക്കോർഡ് ഉയരത്തിലെത്തി. 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ സ്മാർട്ട് ഫോൺ കയറ്റുമതി 7.72 ബില്യൺ ഡോളറിലാണ് എത്തിയത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 4.9 ബില്യൺ ഡോളറായിരുന്നു കയറ്റുമതി. 2021 സാമ്പത്തിക വർഷത്തിൽ 31.1 ബില്യൺ ഡോളറിന്റെ സ്മാർട്ട് ഫോണുകളാണ് ഇന്ത്യ കയറ്റുമതി ചെയ്തത്.

✪✪✪

സിനിമാ മേഖലയിലെ സമഗ്ര നയരൂപീകരണത്തിന് സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ച കേരള സിനിമാ പോളിസി കോൺക്ലേവ് തിരുവനന്തപുരത്ത് സമാപിച്ചു. രാജ്യാന്തര രംഗത്തെ വിദഗ്ധരും, മലയാള ചലച്ചിത്ര മേഖലയിലെ പ്രമുഖരും പങ്കെടുത്ത കോൺക്ലേവിലെ ചർച്ചകൾ ക്രോഡീകരിച്ച് സംസ്ഥാനത്ത് സമഗ്ര സിനിമാ നയം മൂന്ന് മാസത്തിനുള്ളിൽ കൊണ്ടുവരുമെന്ന് മന്ത്രി സജി ചെറിയാൻ സമാപന സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്ത് സിനിമാ ചിത്രീകരണത്തിന് അനുമതി നൽകുന്നതിന് ഏകജാലക സംവിധാനം കൊണ്ടുവരുമെന്നും സജി ചെറിയാൻ അറിയിച്ചു.

സിനിമാ മേഖലയിലെ ഇരട്ടനികുതിയെന്ന പ്രശ്നം പരിഹരിക്കുന്നതിന് വിനോദ നികുതി ഒഴിവാക്കുന്ന കാര്യം സമാപന ചടങ്ങിൽവച്ച് മന്ത്രി സജി ചെറിയാൻ, മന്ത്രി KN ബാലഗോപാലിന്റെ ശ്രദ്ധയിൽപെടുത്തി. ഈ വർഷം തന്നെ E-ടിക്കറ്റിംഗ് നടപ്പാക്കുന്നതിന് അഞ്ച് കോടി രൂപ അനുവദിക്കുകയും ഇതിന് സാങ്കേതിക സർവകലാശാലയുമായി ധാരണയിലെത്തിയതായും മന്ത്രി അറിയിച്ചു.

സ്വതന്ത്ര സിനിമകൾക്ക് ഗവൺമെന്റ് ഉടമസ്ഥതയിലെ തിയറ്ററുകളിൽ ഒരു പ്രദർശനമെങ്കിലും ഉറപ്പാക്കുകയും അവയ്ക്ക് സബ്സിഡി നൽകുന്നത് പരിശോധിക്കുകയും ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി. റിവ്യൂ ബോംബിംഗ് സിനിമയെ തകർക്കാതിരിക്കാൻ പൊതുവായ പെരുമാറ്റചട്ടം കൊണ്ടുവരുന്ന കാര്യവും പരിഗണിക്കും. ടെലിവിഷൻ നയംകൂടി ഉൾപ്പെടുന്ന ഒരു സമഗ്രനയമായിരിക്കും രൂപീകരിക്കുക. ഷൂട്ടിങ്ങ് കേന്ദ്രങ്ങളിൽ സ്ത്രീകൾക്കും പുരുഷനും ലിംഗസമത്വം ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരത്ത്  100 കോടി രൂപ വരെ മുതൽമുടക്കിൽ സിനിമാ കോംപ്ലക്സ് നിർമിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യുമെന്ന് ചടങ്ങിൽ മന്ത്രി KN.ബാലഗോപാൽ അറിയിച്ചു.

✪✪✪

ജമ്മു കശ്മീരിലെ ബാൽതാൽ, പഹൽഗാം പാതകളിലൂടെ അമർനാഥ് യാത്ര താൽക്കാലികമായി നിർത്തിവെച്ചു. കനത്ത മഴയെത്തുടർന്ന് തകർന്ന റോഡുകളിലെ അറ്റകുറ്റപ്പണിയാണ് ഗതാഗതം നിർത്തിവെക്കാൻ കാരണം. കഴിഞ്ഞ മാസം മൂന്നിന് യാത്ര ആരംഭിച്ചതിനുശേഷം നാല് ലക്ഷത്തിലധികം തീർത്ഥാടകർ അമർനാഥ് യാത്ര നടത്തിയതായി അധികൃതർ അറിയിച്ചു.

✪✪✪

മുംബൈ സഹാർ എയർ കാർഗോ കോംപ്ലക്സിലെ കസ്റ്റംസ് സൂപ്രണ്ടിനെ CBI അറസ്റ്റ് ചെയ്തു. ഇറക്കുമതി ചരക്കുകളുടെ ക്ലിയറൻസ് സുഗമമാക്കുന്നതിന് കസ്റ്റംസ് ഹൗസ് സ്ഥാപനത്തിൽ നിന്ന് പത്തു ലക്ഷത്തി ഇരുപതിനായിരം രൂപ കൈക്കൂലി വാങ്ങി എന്ന ആരോപണത്തെ തുടർന്നാണ് അറസ്റ്റ്.

✪✪✪

തദ്ദേശസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഈ മാസം ഏഴു വരെ അവസരം.  അന്തിമ വോട്ടർപട്ടിക 30-ന് പ്രസിദ്ധീകരിക്കും. അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A അബ്ദുൽ ഹക്കിം സർവീസിൽ നിന്ന് ഇന്ന് വിരമിയ്ക്കും. ഹേമാകമ്മിറ്റി റിപ്പോർട്ട് പുറത്തുകൊണ്ടുവരുന്നതിൽ നിർണായക പങ്കുവഹിച്ചത് അദ്ദേഹമാണ്. കുടുംബശ്രീ, കേരളാബാങ്ക് തുടങ്ങിയവയെ വിവരാവകാശ പരിധിയിൽ കൊണ്ടുവരാൻ ഡോ. അബ്ദുൽ ഹക്കീമാണ് നടപടിയെടുത്തത്.

✪✪✪

സംസ്ഥാനത്തെ ആറു ജില്ലകളിൽ ഇന്ന് അതിശക്ത  മഴയ്ക്കും, എട്ടു ജില്ലകളിൽ ശക്തമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.  വടക്കൻ തമിഴ്നാട് തീരത്തിനു സമീപം രൂപംകൊണ്ട ചക്രവാതച്ചുഴി കാരണം ശക്തമായ കാറ്റിനും ഒറ്റപ്പെട്ട മഴയ്ക്കും സാധ്യതയുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി  M. സ്മിതി.

-------വോയ്സ്-------

✪✪✪

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡും ഖാദി സ്ഥാപനങ്ങളും സംയുക്തമായി നടത്തുന്ന ഓണം മേള ഇന്ന് കണ്ണൂരിൽ ആരംഭിക്കും. കണ്ണൂർ ഖാദി ഗ്രാമ സൗഭാഗ്യയിൽ രാവിലെ നിയമസഭാ സ്പീക്കർ A.N ഷംസീർ ഉദ്ഘാടനം ചെയ്യും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനാകും.

ഖാദി ബോർഡ് വൈസ് ചെയർമാൻ P ജയരാജൻ ആദ്യ വിൽപന നടത്തും. ഖാദിയുടെ പുതിയ ഉൽപന്നങ്ങളുടെ ലോഞ്ചിംഗ് കണ്ണൂർ കോർപറേഷൻ മേയർ മുസ്ലിഹ് മഠത്തിലും സമ്മാനക്കൂപ്പണിന്റെ വിതരണോദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് KK രത്നകുമാരിയും നിർവഹിക്കും.

✪✪✪

ഓവലിൽ ഇന്ത്യ-ഇംഗ്ലണ്ട് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യ ഉയർത്തിയ 374 റൺസ് വിജയലക്ഷ്യം പിന്തുടരുന്ന ഇംഗ്ലണ്ട്, രണ്ടാം ഇന്നിങ്സിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 339 റൺസ് എന്ന നിലയിലെത്തി. ഹാരി ബ്രൂക്കിന്റെയും ജോ റൂട്ടിന്റെയും സെഞ്ച്വറികളുടെ പിൻബലത്തിൽ മികച്ച പ്രകടനം നടത്തിയ ഇംഗ്ലണ്ടിന് വിജയത്തിലേക്കെത്താൻ ഇനി 35 റൺസ് മതി.

മഴ കാരണം നാലാം ദിവസത്തെ കളി നേരത്തെ അവസാനിപ്പിച്ചതിനെത്തുടർന്നാണ് മത്സരം അഞ്ചാം ദിനത്തിലേക്ക് നീണ്ടത്. അഞ്ച് മത്സര പരമ്പരയിൽ നിലവിൽ ഇന്ത്യ 1-2 ന് പിന്നിലാണ്.

✪✪✪

ബാങ്കോക്കിൽ അണ്ടർ-22 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരങ്ങളായ ഭാവന ശർമ്മയും, യാത്രി പട്ടേലും സെമി ഫൈനലിൽ പ്രവേശിച്ചു.

ക്വാർട്ടർ ഫൈനലിൽ വനിതകളുടെ 48 കിലോഗ്രാം വിഭാഗത്തിൽ ഭാവന ശർമ്മ വിയറ്റ്നാമിന്റെ എൻഗോക് ലിൻ ചി എൻഗോയെ-യും, 57 കിലോഗ്രാം വിഭാഗത്തിൽ യാത്രി പട്ടേൽ, ശ്രീലങ്കയുടെ കീർത്തന ഉദയകുമാറിനെയുമാണ് തോൽപ്പിച്ചത്.

✪✪✪

41-ാമത് സബ് ജൂനിയർ ദേശീയ നീന്തൽ ചാമ്പ്യൻഷിപ്പും 51-ാമത് ജൂനിയർ ദേശീയ വാട്ടർ പോളോ ആൻഡ് ഡൈവിംഗ് അക്വാട്ടിക് ചാമ്പ്യൻഷിപ്പും ഇന്ന്

ബെംഗളൂരുവിൽ ആരംഭിക്കും. ഇന്നും നാളെയുമായി നടക്കുന്ന മത്സരങ്ങളിൽ 22 സംസ്ഥാനങ്ങളിൽ നിന്ന് 600-ലധികം താരങ്ങൾ പങ്കെടുക്കും.

✪✪✪

കസാക്കിസ്ഥാനിലെ അൽമാറ്റിയിൽ ഖൊസനോവ് മെമ്മോറിയൽ അത്‌ലറ്റിക്സ് മീറ്റിൽ ഇന്ത്യൻ അത്‌ലറ്റും മുൻ ഏഷ്യൻ ചാമ്പ്യനുമായ അബ്ദുള്ള അബൂബക്കർ പുരുഷ ട്രിപ്പിൾ ജംബ് കിരീടം നേടി. എതിരാളികളായ ദക്ഷിണ കൊറിയൻ താരങ്ങളെ ഒരു സെന്റീമീറ്റർ വ്യത്യാസത്തിനാണ് മലയാളിയായ അബ്ദുള്ള അബൂബക്കർ മറികടന്നത്. ഈ വർഷം ആദ്യം ബംഗളൂരുവിലെ മത്സരത്തിൽ 17.19 മീറ്ററിന്റെ വ്യക്തിഗത ദൂരം സ്വന്തമാക്കിയ അബ്ദുള്ള അബൂബക്കർ, അടുത്ത മാസം ടോക്കിയോയിൽ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന് യോഗ്യത നേടാൻ തയ്യാറെടുപ്പിലാണ്.

✪✪✪

കോഴിക്കോട് നാരങ്ങാത്തോട് പതങ്കയത്ത് ഒഴുക്കിൽപ്പെട്ട് വിദ്യാർഥിയെ കാണാതായി. കച്ചേരിപ്പടി സ്വദേശി അലനെയാണ് കാണാതായത്. അഗ്നിരക്ഷാ സേനയും, സന്നദ്ധ പ്രവർത്തകരും തെരച്ചിൽ നടത്തിയെങ്കിലും പ്രതികൂല കാലാവസ്ഥ തടസമായി. തെരച്ചിൽ ഇന്നും തുടരും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സിയാബ് ടിപി*
*NRT: അബ്ദുൽ കബീർ*
*DEO: ഷീബ*